# PANGADA
# ST. MARY'S CHURCH



വി. ശ്ലീഹന്മാരിൽ തലവനായ വി. പത്രോസിന്റെ അന്ത്യോഖ്യായിൽ സ്ഥാപിതമായ സിംഹാസനത്തിൻ കീഴിലുള്ള യാക്കോബായ സിറിയൻ ക്രിസ്ത്യൻ സഭയിലെ അംഗങ്ങളും തലമുറകൾ കൈമാറി തന്ന സത്യവിശ്വാസത്തിൽ അടിയുറപ്പിച്ച് വിശ്വസിച്ചു പോരുന്നവരുമായ പങ്ങടയിലെ 21 വീട്ടുകാർ ഒത്തുചേർന്ന് രജിസ്റ്റർ ചെയ്തിട്ടുള്ള ഉടമ്പടിക്കു വിധേയമായി പണികഴിപ്പിച്ചിട്ടുള്ളതാണ് വി. ദൈവമാതാവിന്റെ നാമത്തിൽ സ്ഥാപിതമായിട്ടുള്ള ഈ ദേവാലയം. 1976 നവംബർ 21–ാം തീയതി അഭിവന്ദ്യ ഗീവർഗീസ് മാർ ഗ്രീഗോറിയോസ് തിരുമനസ്സുകൊണ്ട് ഈ ദേവാലയത്തിന്റെ കൂദാശ നിർവ്വഹിക്കുകയുണ്ടായി. ഇടവകാംഗങ്ങളുടെയും സമൂഹത്തിന്റെയും ആത്മീകവും വിദ്യാഭ്യാസപരവുമായ ഉന്നതിക്കായി പ്രവർത്തിക്കുക എന്നതും ഇതിന്റെ സ്ഥാപനോദ്ദേശ്യങ്ങളിൽ ഉൾപ്പെടുന്നു. മറ്റത്തിൽ വന്ദ്യ എം.റ്റി. തോമസ് കോറെപ്പിസ്കോപ്പയും ഇലപ്പനാൽ ബഹു. ജോൺ ജേക്കബ് അച്ചനും (ഇപ്പോഴത്തെ അഭിവന്ദ്യ യൂഹാനോൻ മാർ പീലക്സിനോസ് മെത്രാപ്പോലീത്ത) ഈ പള്ളിയുടെ ആരംഭ പ്രവർത്തനങ്ങൾക്ക് സമർത്ഥമായ നേതൃത്വം നൽകുകയുണ്ടായി.

പരിശുദ്ധ ഏലിയാസ് തൃതിയൻ പാത്രിയർക്കീസ് ബാവാ തിരുമനസ്സിലെ നാമത്തിൽ പണികഴിപ്പിച്ചിട്ടുള്ള കുരിശിൻതൊട്ടിയുടെ കൂദാശ ലബനോനിലെ ആർച്ച് ബിഷപ്പ് അഭിവന്ദ്യ ജോർജ് ശ്ലീബാ മാർ തെയോഫിലോസ് മെത്രാപ്പോലീത്ത 1982 ഫെബ്രുവരി 21ന് നിർവ്വഹിക്കുകയുണ്ടായി. ദൈവമാതാവിന്റെ നാമത്തിൽ സ്ഥാപിച്ചിട്ടുള്ള കുരുശിൻതൊട്ടിയുടെ കൂദാശ 2004 ഡിസംബർ 29ന് മർക്കോസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ നിർവ്വഹിച്ചു. പുതുക്കിപണിത പള്ളിയുടെ കൂദാശ നിർവ്വഹിച്ചത് 1992 ഡിസംബർ 30ന് ആണ്. ദൈവമാതാവിന്റെയും, പരി. ഏലിയാസ് തൃതീയൻ പാത്രിയർക്കീസ് ബാവായുടെയും പത്രോസ്, പൗലോസ് ശ്ലീഹന്മാരുടെയും നാമത്തിലാണ് ഈ ദേവാലയത്തിലെ വി. ത്രോണോസുകൾ സ്ഥാപിതമായിട്ടുള്ളത്.

സൺഡേ സ്കൂൾ, യൂത്ത് അസ്സോസിയേഷൻ, വനിതാ സമാജം, സേവക് സംഘം, വിശ്വാസ സംരക്ഷണ സമിതി, പ്രാർത്ഥനായോഗം എന്നീ ആത്മീയ പ്രസ്ഥാനങ്ങൾ ഈ ഇടവകയിൽ പ്രവർത്തിച്ചു വരുന്നു. ഈ ഇടവകയിൽ ഏറ്റവും കൂടുതൽ കാലം വികാരിയായി സേവനം അനുഷ്ഠിച്ച് ഇടവകയുടെ ആത്മീയപുരോഗതിക്കും ഉന്നമനത്തിനും അക്ഷീണം പരിശ്രമിച്ച അഭിവന്ദ്യ മർക്കോസ് മാർ കൂറിലോസ് തിരുമേനി തന്റെ അന്ത്യവിശ്രമ സ്ഥാനമായി തിരഞ്ഞെടുത്തതും ഈ പള്ളിയെയാണ്. അഭിവന്ദ്യ പിതാവ് 2005 മേയ് 30 ന് കാലംചെയ്ത് ഈ പള്ളിയിൽ കബറടങ്ങി. എല്ലാ വർഷവും അഭിവന്ദ്യ പിതാവിന്റെ ഓർമ്മപ്പെരുനാൾ ഭക്തിനിർഭരമായ പരിപാടികളോടെ വിശ്വാസികൾ ആചരിക്കുന്നു.

ഈ ഇടവകയിൽ വികാരിയായി ഇപ്പോൾ സേവനം അനുഷ്ഠിക്കുന്നത് വന്ദ്യ കുര്യൻ കോറെപ്പിസ്കോപ്പ മാലിയിൽ ആണ്. ജോസഫ് ജോൺ വെട്ടുകുഴിയിൽ അച്ചൻ സഹവികാരിയായും പ്രവർത്തിക്കുന്നു. മണർകാട് കേന്ദ്രമായ കിഴക്കൻ മേഖലാ മഞ്ഞിനിക്കര തീർത്ഥയാത്ര ആരംഭിക്കുന്നത് ഈ ദേവാലയത്തിൽ നിന്നാണ്. വി. മാതാവിന്റെ പുകഴ്ചപ്പെരുനാൾ (ഡിസംബർ 27, 28), പ. ഇഗ്നാത്തിയോസ് ഏലിയാസ് തൃതീയൻ ബാവായുടെ ഓർമ്മ തുടങ്ങിയ പെരുനാളുകൾ പ്രധാനമായും ഈ ദേവാലയത്തിൽ ഭക്തിപൂർവ്വം ആചരിച്ചു വരുന്നു.

ഇപ്പോൾ ഈ ഇടവകയിൽ 53 കുടുംബങ്ങൾ അംഗങ്ങളായുണ്ട്. ഇടവകയുടെ വളർച്ചയ്ക്കും അഭിവൃദ്ധിക്കും വേണ്ടതായ ഉപദേശവും നേതൃത്വവും നൽകുന്ന ശ്രേഷ്ഠ കാതോലിക്കാ മോർ ബസേലിയോസ് തോമസ് പ്രഥമൻ ബാവായേയും ഇടവക മെത്രാപ്പോലീത്ത അഭിവന്ദ്യ തോമസ് മോർ തീമോത്തിയോസ് തിരുമനസ്സിനേയും നന്ദിപൂർവ്വം സ്മരിക്കുന്നു.

*Source: Kottayam Diocese Souvenir, 2007*

SyrianChurch.org